19

നവംബർ 2020

വ്യാഴം

1196 വൃശ്ചികം 4 1442 റ ആഖിർ 3

# കാരവൽ

THE FIRST DAILY IN KERALA WITH TWO LANGUAGE EDITIONS ESTABLISHED-1976

RNI Reg:No:70844/99 KARAVAL DAILY PUBLISHED FROM KASARAGOD കാസർകോട്•പുസ്തകം 27 •ലക്കം 224 •പേജ് 4 •വില: 5 രൂപ

സുഖകരമായ യാത്ര, ശ്രദ്ധേയമായ പരിചരണം
കാസർകോട് – ബാംഗ്ലൂർ (ദിവസവും)
മംഗലാപുരം – കാസർകോട് – എറണാകുളം (ദിവസവും)
ബുക്കിംഗിന് ബന്ധപ്പെടുക
BANGALORE (Shayda Marg.) KASARAGOD
Kohinoor
Behind Sagar Talkies,
Ghandhi Nagar,Bangalore
080 2287 7199
Kohinoor (Safar) Travels
New Bus Stand. Ph: 04994- 223952,
230840, 227550, 9037314984
നിങ്ങളുടെ ആനന്ദം ഞങ്ങളുടെ സംതൃപ്തി

## ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായിരുന്ന ഷാനവാസ് പാദൂർ കോൺഗ്രസ് വിട്ടു; ചെങ്കളയിൽ ഇടതു സ്ഥാനാർത്ഥി

കാസർകോട്: സ്ഥാനമൊഴിഞ്ഞ ജില്ലാ പഞ്ചായത്തിൽ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായിരുന്ന കോൺഗ്രസ് നേതാവ് ഷാനവാസ് പാദൂർ ഈ തിരഞ്ഞെടുപ്പിൽ എൽ ഡി എഫ് സ്വതന്ത്രനായി ജില്ലാ പഞ്ചായത്തിലേക്കു മത്സരിക്കുന്നു.

മുസ്ലീംലീഗിന്റെ ശക്തി കേന്ദ്രമായ ചെങ്കള ഡിവിഷനിൽ നിന്നാണ് അദ്ദേഹം മത്സരിക്കുന്നത്. ഈ വാർഡിൽ ലീഗ് സ്ഥാനാർത്ഥി നിർണ്ണയത്തിൽ വടം വലി രൂക്ഷമായിരുന്നു.

കഴിഞ്ഞ തവണ പിതാവും കോൺഗ്രസ് നേതാവുമായിരുന്ന പാദൂർ കുഞ്ഞാമുവിന്റെ മരണത്തെത്തുടർന്നുണ്ടായ ഉപതിരഞ്ഞെടുപ്പിൽ ഷാനവാസ് പിതാവിന്റെ സീറ്റായ ഉദുമയിൽ മത്സരിച്ചു വിജയിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം

*ഷാനവാസ് പാദൂർ*

രണ്ടരവർഷം വീതം ലീഗും കോൺഗ്രസും പങ്കുവെയ്ക്കണമെന്ന ഇരു പാർട്ടികളുടെയും ധാരണ പാദൂർ കുഞ്ഞാമുവിന്റെ മരണത്തോടെ ലീഗ് അവഗണിക്കുകയും കാലാവധി മുഴുവൻ മുസ്ലീംലീഗ് പ്രതിനിധി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തു തുടരുകയും ചെയ്തു. ഷാനവാസിനു പിതാവ് നിയന്ത്രിച്ച സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനത്തു ഒതുങ്ങേണ്ടി വരുകയും ചെയ്തു.ഈ തിരഞ്ഞെടുപ്പിൽ ജില്ലാ പഞ്ചായത്ത് ഉദുമ ഡിവിഷൻ വനിതാ സംവരണ വാർഡായതിനെ തുടർന്നു ഷാനവാസിനോടു ചെമ്മനാട് ഗ്രാമപഞ്ചായത്ത് രണ്ടാംവാർഡിൽ മത്സരിക്കാൻ പാർട്ടി നേതൃത്വം ആവശ്യപ്പെട്ടിരുന്നു. ജില്ലാ പഞ്ചായത്ത് മെമ്പറെ ഗ്രാമപഞ്ചായത്തിലേക്കു മത്സരിപ്പിക്കുന്നതിലെ സാംഗത്യം ഉൾക്കൊള്ളാൻ കഴിയാതെയാണ് ഷാനവാസ് സി പി എം പിന്തുണയോടെ ചെങ്കള ജില്ലാ പഞ്ചായത്ത് ഡിവിഷനിൽ മത്സരിക്കാൻ സന്നദ്ധനായതെന്നു പറയുന്നു. ചെങ്കള ഡിവിഷനിൽ വ്യക്തിഗത വോട്ടുകൾ വൻതോതിൽ നേടാനാവുമെന്ന് ഷാനവാസ് പ്രതീക്ഷിക്കുന്നുണ്ട്.മറിച്ചു ചെമ്മനാടു ഗ്രാമ പഞ്ചായത്തിൽ അനായാസ വിജയം ഉറപ്പുള്ള രണ്ടാം വാർഡിൽ ജയിച്ചെത്തുന്ന ഷാനവാസിനെ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റാക്കാമെന്നും കോൺഗ്രസ് നേതൃത്വം വാഗ്ദാനം നൽകിയിരുന്നതായി പറയുന്നു.എന്നാൽ യു ഡി എഫിന്റെയും മുസ്ലീംലീഗിന്റെയും കോട്ടയായ ചെങ്കളയിൽ മത്സരിച്ചു ജയിച്ചു കാണിക്കാമെന്ന കണക്കുകൂട്ടലിലാണ് അദ്ദേഹം. പാദൂർ കുടുംബത്തിനു സ്വാധീനമുള്ള ചെമ്മനാട് പഞ്ചായത്തിലെ 16 വാർഡുകൾ ജില്ലാ പഞ്ചായത്ത് ചെങ്കള ഡിവിഷനിലുണ്ട്. ഇതിനു പുറമെ സി പി എം കോട്ടയായ ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ നാലു വാർഡുകളും ചെങ്കള ഗ്രാമപഞ്ചായത്തിലെ നാലു വാർഡുകളും മുളിയാർ ഗ്രാമപഞ്ചായത്തിലെ രണ്ടു വാർഡുകളുമാണ് ജില്ലാ പഞ്ചായത്ത് ചെങ്കള ഡിവിഷനിലുള്ളത്.

ഷാനവാസ് പാദൂരിനെ ജില്ലാ പഞ്ചായത്തിന്റെ ചെങ്കള ഡിവിഷനിൽ നിന്നും പിൻവലിപ്പിക്കാൻ കോൺഗ്രസ് അവസാന വട്ടംവരെ ശ്രമം തുടരുമെന്നു സൂചനയുണ്ട്. ഈ ഡിവിഷനിൽ ലീഗ് സ്ഥാനാർത്ഥി പരാജയപ്പെട്ടാൽ അതു ജില്ലയിൽ മുസ്ലീംലീഗും കോൺഗ്രസ്സും തമ്മിലുള്ള അകൽച്ചക്ക് ഇടയാക്കുമെന്നു ഇരു പാർട്ടികളുടെയും പ്രവർത്തകർക്കിടയിൽ സംസാരമുണ്ട്. മാത്രമല്ല, ലീഗിന്റെ ജില്ലയിലെ അടിത്തറ അതിളക്കുമെന്നും പ്രവർത്തകർ കരുതുന്നു. പാദൂർ സ്ഥാനാർത്ഥിത്വത്തിൽ ഉറച്ചു നിന്നാൽ ഈ തിരഞ്ഞെടുപ്പിൽ ജില്ലയിലെ ഏറ്റവും വാശിയേറിയ മത്സരം ഈ ഡിവിഷനിലായിരിക്കുമെന്നുറപ്പാണ്.

*തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയം ഇന്നു അവസാനിക്കാനിരിക്കെ ഇന്നുച്ചയോടെ കാസർകോട് കലക്ട്രേറ്റിൽ എത്തിയ സ്ഥാനാർത്ഥികൾ*

## തിരഞ്ഞെടുപ്പ്: പത്രിക സമർപ്പണം ഇന്നവസാനിക്കും; ഇന്നലെ വരെ ജില്ലയിൽ 1971 സ്ഥാനാർത്ഥികൾ

കാസർകോട്: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന് ജില്ലയിൽ ഇന്നലെവരെ 1971 പേർ നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. പത്രികാ സമർപ്പണം ഇന്നും ശക്തമായി തുടരുന്നു.ജില്ലാ പഞ്ചായത്ത് ഡിവിഷനുകളിലേക്ക് ഇന്നലെ മാത്രം 51 പേർ പത്രിക സമർപ്പിച്ചു. ഇന്നലെ വരെ ആകെ 54 പത്രികകളാണ് ലഭിച്ചത്. ബ്ലോക്കു പഞ്ചായത്തുകളിലേക്ക് 233വും നഗരസഭകളിലേക്കു 218 വും പഞ്ചായത്തുകളിലേക്ക് 1533വും പേർ ഇന്നലെ വരെ പത്രിക സമർപ്പിച്ചു.കാസർകോട് മുനിസിപ്പാലിറ്റിയിലേക്ക് ഇന്നലെ വരെ 75 പത്രികകളാണ് സമർപ്പിച്ചത്. കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലേക്കു 91വും നീലേശ്വരത്തേക്ക് ഇന്നലെവരെ 52വും പത്രിക ലഭിച്ചു. ബ്ലോക്ക് തലത്തിൽ നീലേശ്വരം ബ്ലോക്കിലാണ് കൂടുതൽ പത്രിക സമർപ്പിച്ചത് 41. കാറഡുക്കയിൽ 34വും മഞ്ചേശ്വരത്ത് 26വും കാഞ്ഞങ്ങാട്ട് 23വും പരപ്പയിൽ 24വും പത്രിക ഇന്നലെ വരെ സമർപ്പിച്ചു.

### വൃദ്ധൻ വിഷം കഴിച്ചു മരിച്ചു

ബെള്ളൂർ :കിന്നിംഗാറിൽ വൃദ്ധൻ വിഷം കഴിച്ചു മരിച്ചു. കിന്നിംഗാർ സറളിമൂലയിലെ മഹാലിംഗ നായ്ക്ക്(65)ആണ് മരിച്ചത്. ചൊവ്വാഴ്ച രാവിലെ വീട്ടിൽ വച്ചു വിഷം കഴിച്ച ഇയാൾ ഇന്നു പുലർച്ചെയാണ് മരിച്ചത്. കല്ലുകെട്ടു മേസ്ത്രി ആയിരുന്നു. സാമ്പത്തിക ബാധ്യതയൊന്നുമില്ലെന്നു പറയുന്നു. ഭാര്യ: സുശീല. മക്കൾ: ഉഷാകുമാരി, ഉമാവതി, വിനയകുമാർ, അശ്വിനി. മരുമക്കൾ: സുരേഷ്, ഹരീഷ്. സഹോദരങ്ങൾ: പാർവതി, ലക്ഷ്മി, പരമേശ്വരി, സരസ്വതി.

### സ്ത്രീധന പീഡനം: യുവതിയുടെ പരാതിയിൽ ഭർത്താവിനെതിരെ കേസ്

ബേള: കൂടുതൽ സ്ത്രീധനമാവശ്യപ്പെട്ടു നിരന്തരം പീഡിപ്പിക്കുന്നുവെന്ന യുവതിയുടെ പരാതിയിൽ ഭർത്താവിനെതിരെ ബദിയഡുക്ക പൊലീസ് കേസെടുത്തു.

ബേള ബിർമ്മിനടുക്കയിലെ സമീറയുടെ പരാതിയിൽ മാർപ്പനടുക്കയിലെ അബ്ദുൾ റസാഖിനെതിരെയാണ് ബദിയഡുക്ക പൊലീസ് കേസെടുത്തത്.വിവാഹ സമയത്തും പണവും പണ്ടവും നൽകിയിരുന്നെങ്കിലും വീണ്ടും വീണ്ടും പണമാവശ്യപ്പെട്ടു പീഡിപ്പിക്കുകയായിരുന്നെന്നു പരാതിയിൽ പറഞ്ഞു.

### ഡോ. സതീഷ് ഷേണായ് അന്തരിച്ചു

കാഞ്ഞങ്ങാട്:കോട്ടച്ചേരിയിൽ സ്വകാര്യ ക്ലിനിക്ക് നടത്തി വരികയായിരുന്ന ഡോ. കെ സതീഷ് ഷേണായ്(69) അന്തരിച്ചു. കാഞ്ഞങ്ങാട് ദേവൻ റോഡിലെ രാഘവേന്ദ്ര ഷേണായ്-ശാരദ ദമ്പതികളുടെ മകനാണ്.ഭാര്യ: ശാന്തേരി ഷേണായിമക്കൾ: ഡോ. നാമദേവ് ഷേണായ്, നരേഷ് ഷേണായ് (കമ്പ്യൂട്ടർ എഞ്ചിനീയർ അമേരിക്ക), മരുമക്കൾ: ഡോ. ശ്വേത ഷേണായി, പൂജാഷേണായ് (യു എസ് എ) സഹോദരങ്ങൾ: ഗംഗാധര ഷേണായി, ശോഭനായ്ക് (കോഴിക്കോട്), ഹരിദാസ് ഷേണായി( മലബാർ റബ്ബർ വ്യാപാരി ഒടയഞ്ചാൽ).

### അന്തുക്കാ

## ഇ ഡിയും ജയിൽ വകുപ്പും അന്വേഷണം തുടങ്ങി

# സ്വപ്ന സുരേഷിന്റെ ശബ്ദ സന്ദേശം പുറത്ത്

കൊച്ചി: സ്വർണ്ണക്കടത്ത് കേസിൽ ജയിലിൽ കഴിയുന്ന സ്വപ്ന സുരേഷിന്റേതെന്ന പേരിൽ പ്രചരിച്ചു കൊണ്ടിരിക്കുന്ന ശബ്ദ സന്ദേശത്തെ കുറിച്ച് എൻഫോഴ്സ്മെന്റും ജയിൽ വകുപ്പും അന്വേഷണം ആരംഭിച്ചു. അന്വേഷണത്തിന്റെ ഭാഗമായി അട്ടക്കുളങ്ങര വനിതാ ജയിലിൽ കഴിയുന്ന സ്വപ്നയിൽ നിന്നു ജയിൽ അധികൃതരും ഇ ഡി ഉദ്യോഗസ്ഥരും മൊഴിയെടുത്തു.

ശബ്ദ സന്ദേശത്തിന്റെ ഉറവിടം കണ്ടെത്താൻ സംസ്ഥാന പൊലീസ് സൈബർ സെല്ലിന്റെ സഹായം തേടിയതായി ജയിൽ ഡി ജി പി ഋഷിരാജ്സിംഗ് പറഞ്ഞു.അതേസമയം ശബ്ദ സന്ദേശം ജയിലിൽ നിന്നല്ല പുറത്തു പോയതെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ ശബ്ദം സ്വപ്നയുടേതാണെന്നു തിരിച്ചറിഞ്ഞിട്ടുള്ളതായി

അദ്ദേഹം വ്യക്തമാക്കി. ഒരു വാർത്താ പോർട്ടലാണ് ശബ്ദ സന്ദേശം പുറത്തുവിട്ടത്.

മുഖ്യമന്ത്രിക്കെതിരെ മൊഴി നൽകിയാൽ മാപ്പു സാക്ഷിയാക്കാമെന്ന് അന്വേഷണ ഏജൻസി പറഞ്ഞുവെന്നു ശബ്ദ സന്ദേശത്തിൽ പറയുന്നുണ്ട്. ശിവശങ്കറിനൊപ്പം യു എ ഇയിൽ പോയി മുഖ്യമന്ത്രിക്കു വേണ്ടി ചർച്ചകൾ നടത്തിയതായാണ് കോടതിയിൽ സമർപ്പിച്ച മൊഴിയിൽ ഉള്ളതെന്നും അതു ഏറ്റു പറഞ്ഞാൽ മാപ്പു സാക്ഷിയാക്കുമെന്നുമാണ് അന്വേഷണ ഏജൻസി പറയുന്നതെന്നും ശബ്ദ സന്ദേശത്തിൽ പറയുന്നു.എന്നാൽ സന്ദേശം റെക്കോർഡ് ചെയ്തത് ആരാണെന്നു കണ്ടെത്തേണ്ടതുണ്ട്. ജയിലിൽ സ്വപ്നയെ കാണാൻ, സ്വാധീനമുള്ളവരടക്കം നിരവധി പേർ എത്തിയിരുന്നുവെന്നു ബി ജെ പി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ ആരോപിച്ചിരുന്നു.

## ഐജി കാസർകോട്ട്

കാസർകോട്: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പു സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്താൻ ഐജി അശോക് യാദവ് കാസർകോട്ടെത്തി. ഇന്നു രാവിലെ കാസർകോട്ടെത്തിയ അദ്ദേഹം മുതിർന്ന ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.ഇതുവരെ നടത്തിയ ക്രമീകരണങ്ങൾ വിലയിരുത്തിയ ശേഷം അദ്ദേഹം വിവിധ സ്ഥലങ്ങളിലെ പ്രശ്ന ബാധിത ബൂത്തുകളിൽ സന്ദർശനം നടത്തി. ഇത്തരം ബൂത്തുകളിൽ ഏർപ്പെടുത്തേണ്ടുന്ന ക്രമീകരണങ്ങൾ എന്തൊക്കെയായിരിക്കണമെന്ന് അദ്ദേഹം നിർദ്ദേശം നൽകി.

## നടിയെ ആക്രമിച്ച കേസ്

# ഗണേഷ് കുമാർ എം എൽ എയുടെ ഓഫീസ് സെക്രട്ടറി കീഴടങ്ങി

ബേക്കൽ: നടിയെ ആക്രമിച്ച കേസിലെ മാപ്പു സാക്ഷിയെ ഭീഷണിപ്പെടുത്തിയ കേസിൽ മുൻ മന്ത്രിയും എൽ ഡി എഫ് എം എൽ എയുമായ കെ ബി ഗണേഷ് കുമാറിന്റെ ഓഫീസ് സെക്രട്ടറി കൊല്ലം കോട്ടത്തലയിലെ പ്രദീപ് കുമാർ പൊലീസ് മുമ്പാകെ കീഴടങ്ങി. ഇന്നു രാവിലെ അന്വേഷണ ഉദ്യോഗസ്ഥനു മുന്നിൽ ഹാജരാകണമെന്ന് മുൻകൂർ ജാമ്യാപേക്ഷ പരിഗണിച്ചുകൊണ്ട് ജില്ലാ സെഷൻസ് കോടതി നിർദ്ദേശിച്ചിരുന്നു.ഇതനുസരിച്ച് ബേക്കൽ പൊലീസ് ഇൻസ്പെക്ടർക്കു മുമ്പാകെ പ്രദീപ് കീഴടങ്ങേണ്ടതായിരുന്നു. പ്രതിയുടെ വരവും കാത്ത് മാധ്യമ പ്രവർത്തകർ അടക്കമുള്ളവർ രാവിലെ തന്നെ ബേക്കൽ പൊലീസ് സ്റ്റേഷൻ പരിസരത്ത് എത്തിയിരുന്നുവെങ്കിലും പ്രദീപ് കുമാർ എത്തിയില്ല. പകരം കോടതി നിർദ്ദേശിച്ച സമയത്ത് ഹൊസ്ദുർഗ്ഗ് ഡിവൈ എസ് പി ഓഫീസിലാണ് പ്രതി കീഴടങ്ങിയത്. പ്രതിയിൽ നിന്നു പൊലീസ് മൊഴിയെടുത്തു.നടിയെ ആക്രമിച്ച കേസിലെ മാപ്പു സാക്ഷിയായ ബേക്കൽ മലാംകുന്ന് സ്വദേശിയായ വിപിൻലാലിന്റെ പരാതി പ്രകാരമാണ് പ്രദീപ് കുമാറിനെതിരെ ബേക്കൽ പൊലീസ് കേസെടുത്തിരുന്നത്.

നടിയെ ആക്രമിച്ച കേസിൽ വിചാരണ തുടരുന്നതിനിടയിൽ ഫോണിൽ വിളിച്ചും കത്തെഴുതിയും നേരിട്ടും ഭീഷണിപ്പെടുത്തുകയും കൂറുമാറണമെന്നു ആവശ്യപ്പെടുകയും ചെയ്തുവെന്നാണ് വിപിൻലാലിന്റെ പരാതി.പൊലീസ് നടത്തിയ വിശദമായ അന്വേഷണത്തിലാണ് ഭീഷണിപ്പെടുത്തിയത് ഗണേഷ് കുമാറിന്റെ ഓഫീസ് സെക്രട്ടറിയാണെന്നു തിരിച്ചറിഞ്ഞത്. പ്രതിയോട് പൊലീസിനു മുന്നിൽ കീഴടങ്ങണമെന്ന് ആവശ്യപ്പെട്ടതിനെ തുടർന്ന് അതിനു തയ്യാറാകാതെ മുൻകൂർ ജാമ്യാപേക്ഷയുമായി ജില്ലാ കോടതിയെ സമീപിക്കുകയായിരുന്നു പ്രതി.

### നവവധുവിനെ കാണാതായി

കാഞ്ഞങ്ങാട്: ആറുമാസം മുമ്പ് വിവാഹിതയായ യുവതിയെ കാണാതായി. തമിഴ്നാട്, സേലം സ്വദേശിനിയും അതിഞ്ഞാലിലെ വാടക കാർട്ടേഴ്സിൽ താമസക്കാരിയുമായ അതിനയ(20)യെയാണ് കാണാതായത്. വിറകു വെട്ടു തൊഴിലാളിയായ ഭർത്താവ് ചന്ദ്രുവിനും കുടുംബത്തിനും ഒപ്പം താമസിച്ചു വരുന്നതിനിടയിൽ മിനിഞ്ഞാന്ന് ഉച്ചയോടെയാണ് കാണാതായത്. പൊലീസ് കേസെടുത്തു.

## സീറ്റ് നൽകിയില്ല; കുടുംബത്തോട് മാപ്പ് പറഞ്ഞ് ലീഗ് നേതാവിന്റെ ഫേസ്ബുക്ക് പോസ്റ്റ്

കാസർകോട്: പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ സീറ്റ് നിഷേധിക്കപ്പെട്ടതിന്റെ പേരിൽ മുസ്ലീം ലീഗിനകത്തും അസ്വാരസ്യം. ദേലംപാടി ജില്ലാ പഞ്ചായത്ത് ഡിവിഷനിൽ അവസാന നിമിഷം വരെ പരിഗണിക്കപ്പെട്ടിരുന്ന മുളിയാർ പഞ്ചായത്ത് മുസ്ലീം ലീഗ് കമ്മിറ്റി പ്രസിഡണ്ട് കെ ബി മുഹമ്മദ് കുഞ്ഞിയാണ് പരോക്ഷ വിമർശനവുമായി രംഗത്തു വന്നത്. സീറ്റ് നിഷേധിച്ചതുമായി ബന്ധപ്പെട്ട് കെ ബി ഫേസ്ബുക്കിലിട്ട പോസ്റ്റ് പ്രവർത്തകർക്കിടയിൽ ചർച്ചയായിട്ടുണ്ട്. ഫേസ്ബുക്ക് പോസ്റ്റ് ഇങ്ങിനെ " 'പണം' എനിക്ക് സമ്പത്തിന്റെ ഭാഗമല്ല. 'സുഹൃത്തുക്കൾ' എനിക്ക് സമ്പത്തിന്റെ പ്രധാന ഘടകമാണ്. പണം ഇല്ലാത്തതിനാൽ ഇതുവരെ എനിക്ക് ഒരു കുറവും വന്നിട്ടില്ലായിരുന്നു. എന്നാൽ 'പണമില്ലാത്തത്' ഇപ്പോൾ എനിക്ക് വിനയായി. ഇല്ലാത്തവനെക്കുറിച്ചുള്ള ഇല്ലാത്തരങ്ങളും ചർച്ചയ്ക്ക് വിധേയമായി. കുടുംബമേ മാപ്പ്". മുതിർന്ന നേതാക്കളിൽ ഒരാളായ കെ ബിക്ക് അർഹമായ പരിഗണന ലഭിക്കുമെന്നായിരുന്നു അവസാന മിനിഷം വരെ പ്രവർത്തകർ കരുതിയിരുന്നത്. സ്ഥാനാർത്ഥി നിർണ്ണയ ചർച്ചകളുടെ തുടക്കത്തിൽ തന്നെ കെ ബിയുടെ പേര് ജില്ലാ പഞ്ചായത്ത് ദേലംപാടി ഡിവിഷനിൽ ഉയർന്നിരുന്നു. എന്നാൽ അവസാന നിമിഷത്തിൽ പി ബി അബ്ദുൽ റസാഖിന്റെ മകൻ, ഷെഫീഖിനു ഈ സീറ്റ് നൽകാനായിരുന്നു നേതൃത്വത്തിന്റെ തീരുമാനം. ഇതിനോടുള്ള ശക്തമായ പ്രതിഷേധമാണ് കെ ബി ഇപ്പോൾ ഫേസ് ബുക്കിലൂടെ പ്രകടിപ്പിച്ചതെന്നാണ് സൂചന.

## സുള്ള്യ, പുത്തൂർ റൂട്ടുകളിലും കെ എസ് ആർ ടി സി ബസുകൾ സർവ്വീസ് തുടങ്ങി

കാസർകോട്: അന്തർ സംസ്ഥാന റൂട്ടുകളായ കാസർകോട്-സുള്ള്യ, കാസർകോട്-പുത്തൂർ റൂട്ടുകളിൽ കെ എസ് ആർ ടി സി ബസുകൾ സർവീസ് പുനഃരാരംഭിച്ചു. ഏഴു മാസത്തിന് ശേഷമാണ് ബസോട്ടം ആരംഭിച്ചത്. ഇതിനൊപ്പം കാസർകോട്-ബംഗ്ളൂരു, കാസർകോട്-തിരുവനന്തപുരം, കാസർകോട്-കോട്ടയം എന്നീ ദീർഘ ദൂര റൂട്ടുകളിലും സർവീസ് പുനരാരംഭിച്ചു. കാസർകോട്-മംഗ്ളൂരു റൂട്ടിൽ കഴിഞ്ഞ ദിവസം സർവ്വീസ് ആരംഭിച്ചിരുന്നു. 20 ബസുകളാണ് ഇപ്പോൾ ഓടുന്നത്. യാത്രക്കാരുടെ എണ്ണം വർധിച്ചു വരുന്നതിനാൽ വരും ദിവസങ്ങളിൽ കൂടുതൽ ബസുകൾ ഇറക്കാനുള്ള ഒരുക്കത്തിലാണ് അധികൃതർ.

# നിക്ഷേപ തട്ടിപ്പ്: എം എൽ എ ഐസിയുവിൽ; ചന്തേരയിൽ ഒരു കേസുകൂടി

കാഞ്ഞങ്ങാട്: ഫാഷൻ ഗോൾഡ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ് കേസിൽ റിമാന്റിൽ കഴിയുന്ന എം സി ഖമറുദ്ദീൻ എം എൽ എയെ പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ അതീ തീവ്രപരിചരണ വിഭാഗത്തിലേക്കു മാറ്റി.ഇന്നലെ രാത്രി ഏഴു മണിയോടെയാണ് എംഎൽ എയെ പരിയാരത്ത് എത്തിച്ചത്. ഇ സി ജിയിൽ വലിയ തോതിലുള്ള വ്യതിയാനം അനുഭവപ്പെട്ടതിനെ തുടർന്നാണ് ആശുപത്രിയിലേയ്ക്ക് എത്തിച്ചത്. 24 മണിക്കൂർ നിരീക്ഷണത്തിനു ശേഷമേ ആരോഗ്യ സ്ഥിതിയെ കുറിച്ച് എന്തെങ്കിലും പറയാനാകുവെന്നാണ് ആശുപത്രി വൃത്തങ്ങൾ വ്യക്തമാക്കിയത്.

ഒരു ദിവസത്തെ പൊലീസ് കസ്റ്റഡിക്കു ശേഷം ഇന്നലെ വൈകുന്നേരം മൂന്നു മണിയോടെയാണ് എം എൽ എയെ തിരികെ കോടതിയിൽ ഹാജരാക്കിയിരുന്നത്. ഈ സമയത്താണ് മതിയായ ചികിത്സ ലഭ്യമാക്കണമെന്ന് അഭിഭാഷകൻ കോടതിയിൽ ആവശ്യപ്പെട്ടതും കോടതി അനുമതി നൽകിയതും. അതേ സമയം എം എൽ എയുടെ25 കേസുകളിൽ സമർപ്പിച്ച ജാമ്യഹർജി പരിഗണിക്കുന്നത് കോടതി 24-ാം തീയ്യതിയിലേക്കു മാറ്റി.

ഇതിനിടയിൽ നിക്ഷേപ തട്ടിപ്പ് സംഭവത്തിൽ ഒരു കേസു കൂടി ചന്തേര പൊലീസ് രജിസ്റ്റർ ചെയ്തു. വലിയ പറമ്പയിലെ ഷമീമയുടെ പരാതി പ്രകാരമാണ് കേസ്. 2011 -12 വർഷത്തിൽ ഏഴുലക്ഷം രൂപ നൽകിയിരുന്നെന്നു പരാതിയിൽ പറയുന്നു.

## ബദിയഡുക്ക 13-ാം വാർഡിൽ കോൺഗ്രസിനു രണ്ടു സ്ഥാനാർത്ഥികൾ

### പ്രചരണ രംഗത്ത് ഇരുവരും ഒപ്പത്തിനൊപ്പം



*ബദിയഡുക്ക 13-ാം വാർഡിൽ മത്സരരംഗത്തുള്ള കോൺഗ്രസ് നേതാക്കളായ ഗംഗാധര ഗോളിയഡുക്ക, പി ജി ചന്ദ്രഹാസറൈ എന്നിവരുടെ പ്രചരണ പോസ്റ്റർ*

ബദിയഡുക്ക: ബദിയഡുക്ക 13-ാം വാർഡിൽ കോൺഗ്രസ് നേതാക്കന്മാർ പരസ്പരം ഏറ്റുമുട്ടുന്നു.ഗോളിയഡുക്ക വാർഡിലാണ് കോൺഗ്രസ് ബ്ലോക്ക് സെക്രട്ടറി ഗംഗാധര ഗോളിയഡുക്ക, ബ്ലോക്ക് വൈസ് പ്രസിഡന്റും മുതിർന്ന നേതാവുമായ പി ജി ചന്ദ്രഹാസ റൈ എന്നിവർ അങ്കം കുറിച്ചത്. ഇരുവരും പ്രചരണം ആരംഭിച്ചു. മാത്രമല്ല, രണ്ടു പേരും ഇന്നലെ പത്രിക സമർപ്പിക്കുകയും ചെയ്തു.

ബദിയഡുക്ക പഞ്ചായത്തിലെ കോൺഗ്രസിന്റെ ശക്തികേന്ദ്രമാണ് ഗോളിയഡുക്ക. ഈ വാർഡ് തുടർച്ചയായി കോൺഗ്രസിന്റെ സ്വാധീനത്തിലുമാണ്.

ഈ തിരഞ്ഞെടുപ്പിൽ ഇവിടെ സ്ഥാനാർത്ഥിയാവണമെന്നു ഗംഗാധര ആവശ്യപ്പെട്ടിരുന്നു. പാർട്ടി അതംഗീകരിക്കുകയും ചെയ്തുവെന്നു പറയുന്നു. അതിനിടയിൽ ചന്ദ്രഹാസറൈ അദ്ദേഹത്തിനു വേണ്ടി വോട്ടു പിടിത്തവുമാരംഭിച്ചു.

പ്രശ്നം ബ്ലോക്ക് -ജില്ലാ നേതൃത്വങ്ങളിലെത്തിയതോടെ ഗംഗാധരകൂടി പ്രചരണം കൊഴുപ്പിക്കാൻ രംഗത്തെത്തുകയും ചെയ്തു. എങ്കിലും ഇന്നുച്ചക്കു മുമ്പു പ്രശ്നം തീരുമെന്ന് ഇരു നേതാക്കളും പ്രത്യാശ പ്രകടിപ്പിച്ചു.